"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -വളവന്നൂർ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി (പ്രൊജക്റ്റ് നമ്പർ - SO 190/2018) ബിൽ തുക നൽകുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2057/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/11/2020

പരാമർശം:- 1 വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2018-ലെ കത്ത് .

2 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.1.2019, 16.2. 2019 തീയതിയിലെ കത്തുകൾ

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 -ലെ 4.36 നമ്പർ തീരുമാനം .

ഉത്തരവ്

വളവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി (പ്രൊജക്റ്റ് നമ്പർ - SO 190/2019) ടെൻഡർ മുഖേന രണ്ടു മേശയും 464 കസേരകളും വാങ്ങാനാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതി SIDCO മുഖേന ടെണ്ടർ കൂടാതെ, താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തി പൂർത്തിയാക്കി-

i) ജിപ്സംസീലിംഗ്

ii) പ്ലൈവുഡ് ഡോർ

iii) വെർട്ടിക്കൽ ബ്ലൈൻഡ് കർട്ടൻ

iv) ട്രോഫി ഷോക്കേസ്

ആയതിന്റെ ബിൽ തുകയായ 1,92,461/- രൂപ SIDCO യ്ക്ക് നൽകാനുള്ള അനുമതിക്കായി വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1പ്രകാരം സമർപ്പിച്ച അപേക്ഷ മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി അതിന്റെ അടിസ്ഥാനത്തിൽ തുക നൽകുവാൻ അനുമതി നൽകിക്കൊണ്ടു ഉത്തരവാകുന്നു. കാറ്റഗറി 2 സ്പിൽ ഓവർ പ്രൊജക്റ്റ് ഭേദഗതി ചെയ്യുകയോ ഉപേക്ഷിച്ചു പുതിയ പ്രൊജക്റ്റ് എടുക്കുകയോ ചെയ്യുന്നതിനു തടസ്സം ഇല്ല എന്നിരിക്കെ പ്രോജെക്റ്റിൽ പറയാത്ത പ്രവൃത്തി നടത്തിയത് ഗുരുതരമായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ആയതിനാൽ പ്രോജക്റ്റ് നിർവ്വഹണ നടപടിക്രമത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെ പഞ്ചായത്ത് ഡയറക്ടർ കർശനമായി താക്കീത് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം .

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, താനൂർ ബ്ലോക്ക് പഞ്ചായത്ത് .

സെക്രട്ടറി, വളവന്നൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം..

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.11.02 15:12:04 IST
Reason: Approved
സെക്ഷൻ ഓഫീസർ